## കേരള സർവകലാശാല യൂണിയൻ 2025-26 തെരഞ്ഞെടുപ്പ്

## നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധനയിൽ പങ്കെടുക്കുന്നവർക്കുള്ള അറിയിപ്പ്

കേരള സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 11.03.2026, രാവിലെ 11:05 ന് സർവകലാശാല സെനറ്റ് ഹാളിൽ നടക്കുന്ന നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധനയിൽ പങ്കെടുക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിലേക്ക് സർവകലാശാല 28.02.2026-ന് പ്രസിദ്ധീകരിച്ചിട്ടുള്ള 181 പേരടങ്ങുന്ന വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മത്സരാർത്ഥിക്കോ അല്ലെങ്കിൽ മത്സരാർത്ഥി നിർദ്ദേശിക്കുന്ന, പ്രസ്തുത വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏജന്റിനോ മാത്രമേ സൂക്ഷ്മ പരിശോധന ഹാളിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ.
2. നാമനിർദ്ദേശപത്രികയുടെ സൂക്ഷ്മപരിശോധനയ്ക്ക് മത്സരാർത്ഥിയുടെ പ്രതിനിധിയാണ് പങ്കെടുക്കുന്നതെങ്കിൽ പ്രസ് തുത മത്സരാർഥി, 10.03.2026-ന് വൈകുന്നേരം 03.00 മണിക്ക് മുമ്പ് നേരിട്ടോ ഇ-മെയിൽ (election@keralauniversity.ac.in) മുഖേനയോ സർവകലാശാല ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
3. 11.05-ന് ആരംഭിക്കുന്ന കേരള സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധനയിൽ പങ്കെടുക്കുന്നതിന് സെനറ്റ് ഹാളിൽ പ്രവേശിക്കുന്നതിനായി മത്സരാർത്ഥികൾ/ഏജൻറ്, സർവകലാശാല ജനറൽ കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള ഐഡന്റിറ്റി കാർഡ് / കോളേജ് ഐഡൻറിറ്റി കാർഡ് ഹാജരാക്കേണ്ടതാണ്
4. സൂക്ഷ്മ പരിശോധന വേളയിൽ നാമനിർദ്ദേശ പത്രികയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്ന പക്ഷം, പ്രസ്തുത വ്യക്തി റിട്ടേർണിംഗ് ഓഫീസറെ സമീപിക്കേണ്ടതാണ്. വ്യക്തികൾ കൂട്ടമായി വരുന്നതോ അനാവശ്യ തർക്കങ്ങളും

ഇടപെടലുകളും സൃഷ്ടിക്കുന്നതോ സൂക്ഷ്മ പരിശോധന നിർത്തി വയ്ക്കുന്നതിലേക്കും നിയമ നടപടി സ്വീകരിക്കുന്നതിലേക്കും നയിക്കുന്നതാണ്.

5. സൂക്ഷ്മ പരിശോധന നടക്കുന്ന ഹാളിലേക്കുള്ള പ്രവേശനവും സൂക്ഷ്മ പരിശോധന അവസാനിക്കുന്നത് വരെയുള്ള നടപടിക്രമങ്ങളും ക്യാമറ നിരീക്ഷണത്തിലായിരിക്കും.

6. പോലീസിന്റെയും സെക്യൂരിറ്റി ജീവനക്കാരുടെയും നിർദ്ദേശങ്ങൾ മത്സരാർത്ഥികൾ / ഏജന്റുമാർ കർശനമായി പാലിക്കേണ്ടതാണ്.

**07.03.2026** **Registrar(i/c)/Returning Officer**